(സി) ഉദിക്കുന്നില്ല.

(ഡി) പൊതുഭരണ (പൊളിറ്റിക്കൽ) ഡിപ്പാർട്ട്മെന്റ് വിമാന ടിക്കറ്റെടുത്ത് നൽകിയിട്ടില്ല.

(ഇ) എയർ ട്രാവൽസ് എന്റർപ്രൈസസ് ഇന്ത്യാ ലിമിറ്റഡ് മുഖാന്തിരമാണ് എല്ലാ യാത്രകൾക്കും ടിക്കറ്റെടുത്തത്.

3 (2298) മുഖ്യമന്ത്രിയുടെ കൊച്ചി സന്ദർശനം

ഡോ. എം.എ. കുട്ടപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന മുഖ്യമന്ത്രി ഈ വർഷം എപ്പോഴെങ്കിലും കൊച്ചിയിൽ ഹോട്ടൽ ടാജ് മലബാറിൽ താമസിക്കുകയോ അവിടെവച്ച് പത്രസമ്മേളനം നടത്തുകയോ ചെയ്തിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എന്ന്;

(സി) അതിന് താമസച്ചെലവും ഭക്ഷണത്തിന് ചെലവും മറ്റു ചെലവുകളും ഉൾപ്പെടെ എന്തു തുക ചെലവായിയെന്ന് പറയുമോ;

(ഡി) അവിടെ വച്ച് മുഖ്യമന്ത്രി നടത്തിയ പത്രസമ്മേളനത്തിൽ സംസ്ഥാന അഡ്വക്കേറ്റ് ജനറലും സന്നിഹിതനായിരുന്നുവോ എന്ന് അറിയിക്കുമോ?

ഉത്തരം

(എ) ഉണ്ട്

(ബി) 12-2-2000

(സി) ചെലവ് കണക്കാക്കിയിട്ടില്ല.

(ഡി) പത്രസമ്മേളനം നടത്തിയ മുറിയിൽ അഡ്വക്കേറ്റ് ജനറൽ ഉണ്ടായിരുന്നു.

4 (2302) പഞ്ചിംഗ് മെഷീനുകൾ വാങ്ങിയ നടപടി

ശ്രീമതി റോസമ്മ ചാക്കോ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഓഫീസുകളിൽ ഒന്നാംഘട്ട പഞ്ചിംഗ് ഏർപ്പെടുത്തുന്നതിന്റെ ഭാഗമായി എത്ര പഞ്ചിംഗ് മെഷീനുകൾ വാങ്ങാനാണ് ഉദ്ദേശിക്കുന്നത്;

(ബി) ഇവ ഏത് ഏജൻസിവഴി വാങ്ങാനാണ് ഉദ്ദേശിക്കുന്നത്; എത്ര യെണ്ണത്തിന് ഇതുവരെ ഓർഡർ നൽകിയിട്ടുണ്ട്;

(സി) ഇതു സംബന്ധിച്ച് ഏതെല്ലാം ഏജൻസികളിൽനിന്നും ഓഫർ ലഭിച്ചിട്ടുണ്ട്;

(ഡി) ക്വട്ടേഷനുകൾ ക്ഷണിച്ചിട്ടുണ്ടോ;

(ഇ) ഉണ്ടെങ്കിൽ കുറഞ്ഞ നിരക്ക് കാട്ടു ചെയ്ത ക്വട്ടേഷനുകളോ ഓഫറുകളോ പരിഗണിച്ചിട്ടുണ്ടോ;

(എഫ്) ഇല്ലെങ്കിൽ അതിനുള്ള കാരണം വെളിപ്പെടുത്തുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ)&(ബി) സർക്കാർ ഓഫീസുകളിൽ ഒന്നാംഘട്ടം പഞ്ചിംഗ് സിസ്റ്റം നടപ്പാക്കുന്നതിനായി 72 പഞ്ചിംഗ് മെഷീനുകൾ ആവശ്യമായി വരുമെന്നാണ് കണക്കാക്കിയിട്ടുള്ളത്. പ്രസ്തുത 72 പഞ്ചിംഗ് മെഷീനുകൾ, കമ്പ്യൂട്ടറുകൾ, മറ്റു അനുബന്ധ ഉപകരണങ്ങൾ, സോഫ്റ്റ് വെയർ എന്നിവ വാങ്ങുന്നതിനായി കെൽട്രോണിന് ഓർഡർ നൽകിയിട്ടുണ്ട്.

(സി) പൊതുമേഖലാ സ്ഥാപനമായ കെൽട്രോൺ, സ്വകാര്യ സ്ഥാപനങ്ങളായ വിയാണ്ടം അസോസിയേറ്റ്സ്, ചേലൂർ കോർപ്പറേഷൻ എന്നീ സ്ഥാപനങ്ങളിൽ നിന്നും അറ്റന്റൻസ് മോണിറ്ററിംഗ് സിസ്റ്റം സപ്ലൈ ചെയ്യാമെന്ന ഓഫറുകൾ ലഭിച്ചിരുന്നു.

(ഡി) ഇല്ല

(ഇ) മേൽ ഉത്തരത്തിന്റെ വെളിച്ചത്തിൽ ബാധകമല്ല.

(എഫ്) അറ്റന്റൻസ് മോണിറ്ററിംഗ് സിസ്റ്റം നടപ്പിലാക്കുന്നതിന്റെ മുന്നോടിയായി ഇക്കാര്യത്തിൽ യുക്തമായ ഉപദേശം ലഭ്യമാക്കുന്നതിനായി ഒരു സാങ്കേതിക സമിതിയെ നിയോഗിച്ചിരുന്നു. പ്രസ്തുത സമിതിയുടെ ശുപാർശ അംഗീകരിച്ചാണ് പഞ്ചിംഗ് സിസ്റ്റം നടപ്പാക്കുന്നതിനുവേണ്ട ഉപകരണങ്ങൾ ലഭ്യമാക്കി അവ സജ്ജീകരിക്കുന്നതിനുള്ള അനുമതി കെൽട്രോണിന് നൽകിയത്.

5 (2303) അനർഹമായ ശമ്പള സ്കെയിൽ അനുവദിച്ചത് സംബന്ധിച്ച്

ശ്രീ. എഴുകോൺ നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മന്ത്രിസഭയുടേയോ ധനകാര്യ വകുപ്പിന്റെയോ അനുമതി ഇല്ലാതെ സംസ്ഥാന പുരാവസ്തു വകുപ്പിൽ കൺസർവേഷൻ ഓഫീസറായി സേവനം അനുഷ്ഠിച്ചിരുന്ന ഒരു ഉദ്യോഗസ്ഥന് കേന്ദ്ര സർക്കാർ സ്ഥാപനമായ നാഷണൽ റിസർച്ച് ലബോറട്ടറിയിൽ ഡയറക്ടറുടെ തസ്തികയിലേയ്ക്ക് അപേക്ഷിക്കുവാൻ വേണ്ടി സംസ്ഥാന പുരാവസ്തു വകുപ്പ് ഡയറക്ടറേക്കാൾ ഉയർന്ന ശമ്പള സ്കെയിൽ അനുവദിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത സ്കെയിൽ അനുവദിച്ചത് റൂൾസ് ഓഫ് ബിസിനസ്സ് ചട്ടം 23 ന്റെയും കേരള സർവ്വീസ് ചട്ടത്തിന്റെയും ലംഘനമാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പ്രസ്തുത ആളിന് അനർഹമായി അനുവദിച്ച ശമ്പള സ്കെയിൽ റദ്ദാക്കണമെന്നും കൂടുതലായി എഴുതി വാങ്ങിയ അധിക ശമ്പളം തിരിച്ചുപിടിക്കണമെന്നും മുഖ്യമന്ത്രി ഉത്തരവിട്ടിട്ടുണ്ടോ; മുഖ്യമന്ത്രിയുടെ ഉത്തരവ് നടപ്പിലാക്കാത്തത് എന്തു കൊണ്ടാണെന്ന് വെളിപ്പെടുത്തുമോ;

(ഡി) 28-1-1995 ലെ ജി.ഒ. (എം.എസ്) നം. 2/95/സി.എ.ഡി എന്ന ഉത്തരവ് ധനകാര്യ വകുപ്പിന്റെയും അക്കൗണ്ടന്റ് ജനറലിന്റെയും വിമർശനത്തിന് വിധേയമായിട്ടുണ്ടോ; എങ്കിൽ പ്രസ്തുത ഉത്തരവ് റദ്ദാക്കാത്തത് എന്തുകൊണ്ടാണെന്ന് വെളിപ്പെടുത്തുമോ;

LIBRARY ARCHIVES Kerala Legislative Assembly